# Official Spokesperson's response to media queries on recent developments along the Armenia-Azerbaijan border

May 19, 2021

---

**അർമേനിയ -അസർഭായിജാൻ അതിർത്തിയിൽ അടുത്തിടെ നടക്കുന്ന സംഭവവികാസങ്ങളെ തുടർന്നുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ മറുപടി**

**മെയ്** 19, 2021

അർമേനിയ -അസർഭായിജാൻ അതിർത്തിയിൽ അടുത്തിടെ നടക്കുന്ന സംഭവവികാസങ്ങളെ തുടർന്നുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു.

"അർമേനിയ-അസർബൈജാൻ അതിർത്തിയിലെ സ്ഥിതി ഞങ്ങൾ ആശങ്കയോടെയാണ് നിരീക്ഷിക്കുന്നത്. സൈനിക നീക്കങ്ങളിലൂടെയുള്ള അതിർത്തിയിലെ കടന്നുകയറ്റം സ്ഥിതിഗതികളെ അസ്ഥിരപ്പെടുത്തുകയും പുതിയ തരത്തിലുള്ള ശത്രുതയിലേക്ക് നയിക്കുകയും ചെയ്യും. സേനയെ പെട്ടെന്ന് പിൻവലിക്കാനും കൂടുതൽ പ്രകോപനങ്ങൾ അവസാനിപ്പിക്കാനും ഞങ്ങൾ അതിക്രമികളോട് ആവശ്യപ്പെടുകയാണ്.

രാഷ്ട്രീയ, നയതന്ത്ര മാർഗങ്ങളിലൂടെ ഉഭയകക്ഷി തർക്കങ്ങൾ സമാധാനപരമായി പരിഹരിക്കുന്നതിന് ഇന്ത്യ എല്ലായ്പ്പോഴും നിലകൊള്ളുന്നു. പ്രാദേശിക സുരക്ഷാപരമായി ചിന്തിക്കുമ്പോൾ നിന്ന് തെക്കൻ കോക്കസസ് മേഖലയിലെ സമാധാനവും സ്ഥിരതയും പ്രധാനമാണ്. ”

**ന്യൂ ഡൽഹി**

**19 മെയ്, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.